(സി) 10 വർഷം പൂർത്തിയാക്കിയ ടൈപ്പിസ്റ്റ് ഗ്രേഡ്-1 ന് അസിസ്റ്റന്റ് ഗ്രേഡ്-1 ആയി തസ്തികമാറ്റം ലഭിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

48 (48) പി.എസ്.സി. ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് പാരിറ്റി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.4.1997-ൽ മുഖ്യമന്ത്രി പി.എസ്.സി. ജീവനക്കാർക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് -പി.എസ്.സി. പാരിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുകൂല നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) വിവിധ വിഭാഗം ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് പാരിറ്റി അടിസ്ഥാനപ്പെടുത്തി അർഹമായ പ്രൊമോഷൻ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

49 (49) ഫോറസ്റ്റ് ഗാർഡ് റാങ്ക്‌ലിസ്റ്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഫോറസ്റ്റ് ഗാർഡിന്റെ റാങ്ക് ലിസ്റ്റ് നിലവിലുള്ളത്;

(ബി) ഇടുക്കി ജില്ലയിലെ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) അതിൽനിന്നും നിയമനം നടക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് നിയമനം നടത്താത്തത് എന്ന് വിശദീകരിക്കുമോ;

(ഇ) ഇടുക്കി ജില്ലയിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്രപേരെ ഏതെല്ലാം സ്ഥലങ്ങളിൽ നിയമിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(എഫ്) ഓരോ സ്റ്റേഷനിലും നിലവിലുള്ള ഒഴിവ് എത്ര വീതമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഫോറസ്റ്റ് ഗാർഡിന്റെ റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 23.03.2001-ൽ അവസാനിക്കുന്നതാണ്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സംബന്ധിച്ചു അന്വേഷണം നടത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇടുക്കി ജില്ലയിൽ കോട്ടയം, മൂന്നാർ, മാങ്കുളം, വൈൽഡ് ലൈഫ് പ്രിസർവേഷൻ ഡിവിഷൻ തേക്കടി, ഇരവികുളം സാങ്ച്വറി, മലയാറ്റൂർ ഡിവിഷൻ ഇവിടങ്ങളിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും 163 ഫോറസ്റ്റ് ഗാർഡുമാരെ നിയമിച്ചിട്ടുണ്ട്.

(എഫ്) ഇടുക്കി ജില്ലയിൽ 25 ഫോറസ്റ്റ് ഗാർഡിന്റെ ഒഴിവ് ഉണ്ട്. ഇതിൽ 23 എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിച്ച 2 സീറ്റ് വാച്ചർ, പ്യൂൺ ഈ പോസ്റ്റുകളിൽ നിന്നും പ്രൊമോഷൻ കാറ്റ ലഭിക്കുന്ന വർക്ക്വേണ്ടി മാറ്റി വച്ചിട്ടുണ്ട്.

50 (50) ഫയർമാൻ റാങ്ക്ലിസ്റ്റ്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12.4.1996-ൽ നിലവിൽവന്ന ഫയർമാൻ (കേരള ഫയർഫോഴ്സ്) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഓപ്പൺ മെരിറ്റിൽ നിയമിക്കപ്പെട്ടവരിൽ എത്രപേർ ഹാജരായിട്ടില്ല എന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്ര;

(സി) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) 1996-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്ന പ്രകാരം അഗ്നിശമനസേനയുടെ അംഗബലം വർദ്ധിപ്പിക്കുന്ന നടപടി ഏതുഘട്ടംവരെയായെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷം 28 ഒഴിവുകളുണ്ടായി.

(സി) 12 ഫയർ സ്റ്റേഷനുകൾ

(ഡി) ഈ വർഷംതന്നെ സർക്കാരിലേയ്ക്ക് വിശദമായ നിർദ്ദേശം സമർപ്പിക്കുവാൻ ഫയർഫോഴ്സ് കമാൻഡന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

51 (51) ആശ്രിതനിയമന പദ്ധതി

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി ;
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിത നിയമന പദ്ധതി പ്രകാരം വിവിധ വകുപ്പുകളിലായി ജോലിക്കു വേണ്ടിയുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) ഓരോ വകുപ്പിലും 1989 മേയ് 30 വരെ എത്രപേർക്ക് ഈ പദ്ധതി പ്രകാരം ജോലി നൽകേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly